16
ജൂലൈ 2023
ഞായർ
Pages- 5
Vol. 2 Issue 164

ക്രിസ്ത്യൻലൈവ് ദിനപത്രം
On the Battlefield for the Great Commission
533

## ബൈബിളും തോറയും കത്തിക്കാൻ സ്വീഡന്റെ അനുമതി:

# പ്രതിഷേധത്തിൽ നിന്നു പിന്മാറി

## സിറിയൻ വംശജൻ




**നമ്മൾ പരസ്പരം ആദരിക്കുകയും ബഹുമാനിക്കുകയും വേണമെന്ന് ജനങ്ങളെ കാണിക്കുകയായിരുന്നു ലക്ഷ്യം**

## വ്യക്തിനിയമങ്ങളെ ഇല്ലാതാക്കൽ മതങ്ങളെ ഇല്ലാതാക്കലാണ്; ഫാ. ജോസഫ് കളരിക്കൽ

പേജ് 3,4 കാണുക

എഡിറ്റോറിയൽ

ക്രിസ്ത്യൻ ലൈവ്

2023 ജൂലൈ 16 ഞായർ



# ബഹിരാകാശ പ്രണയത്തിനപ്പുറം

2023 ൽ ഇന്ത്യയുടെ ബഹിരാകാശ ബന്ധത്തിന് അറുപത് വർഷങ്ങൾ പൂർത്തിയാകുന്നു. 1963 ലാണ് ഇന്ത്യയുടെ ആദ്യ റോക്കറ്റ് ബഹിരാകാശത്തേക്ക് കുതിക്കുന്നത്. അതിനുശേഷം വിജയപരാജയങ്ങളോടെ എത്രയോ ദൗത്യങ്ങൾ! 2014 ൽ 'മംഗൾയാൻ' ചുവന്ന ഗ്രഹത്തെ പുണരുമ്പോൾ, ചൊവ്വയിലെത്തുന്ന ആദ്യ ഏഷ്യൻ രാജ്യമെന്ന തിലകക്കുറി ഇന്ത്യയ്ക്ക് ലഭ്യമായി.

ചന്ദ്രയാൻ ഒന്ന് ഇന്ത്യയുടെ വിജയകരമായ ആദ്യ ചാന്ദ്ര ദൗത്യമായി. 2019 ചന്ദ്രയാൻ രണ്ട് വിജയകരമായി യാത്ര പൂർത്തിയാക്കി ലക്ഷ്യത്തിൽ എത്തിയെങ്കിലും, പരാജയമായി. ഇന്നലെ ഉച്ചയ്ക്ക് ചന്ദ്രയാൻ മൂന്ന് വിജയകരമായി യാത്ര പുറപ്പെട്ടിരിക്കയാണ്. 40 ദിനങ്ങൾ ഇനി ആകാംക്ഷയുടെ കാത്തിരിപ്പാണ്. ശാസ്ത്രലോകം ആഗസ്റ്റ് 23 വരെ കണ്ണിലെണ്ണയൊഴിച്ച് ഓരോ നിമിഷവും വീക്ഷിച്ചു വരികയാണ്. മൂന്ന് ലക്ഷം കിലോമീറ്ററാണ് ഈ ഉപഗ്രഹ വാഹിനി സഞ്ചരിക്കേണ്ടത്.

അമേരിക്കയും റഷ്യയും ചൈനയുമാണ് ചന്ദ്രോപരിതലത്തിൽ വിജയകരമായി സ്പർശിച്ച മറ്റ് രാജ്യങ്ങൾ. ഇന്ത്യയുടെ ഈ ഉദ്യമം മംഗളമാകട്ടെ എന്ന് നമുക്ക് ആശംസിക്കാം. 2030ഓടെ സ്വന്തം ബഹിരാകാശ നിലയം എന്ന സ്വപ്ന യാഥാർഥ്യത്തിനായി അക്ഷീണം യത്നിക്കുകയാണ് ഐ. എസ്. ആർ. ഒ. അവരുടെ ഓരോ നേട്ടവും ഓരോ ഭാരതീയനും അഭിമാനമാണ്.

'നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിൽ ആകുന്നു;...'(ഫിലിപ്പിയർ 3:20) എന്ന് പൗലോസ് അപ്പോസ്തോലൻ എഴുതിയിരിക്കുന്നു. ഞാൻ പോകുന്നത് നിങ്ങൾക്ക് പ്രയോജനം...പിന്നെയും വന്ന് നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും എന്ന് വാഗ്ദാനം നൽകി സ്വർഗ്ഗാരോഹണം ചെയ്ത യേശുക്രിസ്തു മടങ്ങി വരുവാൻ കാലമായി. മദ്ധ്യാകാശത്തിൽ വരുന്ന യേശുവിനെ എതിരേൽക്കുവാൻ കാത്തിരിക്കുന്ന സഭ ഞൊടിയിടയിൽ പറന്നു പോകും. അതിനായി നമുക്ക് ഒരുങ്ങാം. ബഹിരാകാശത്തിനപ്പുറം ഒരു സ്വർഗ്ഗാനുരാഗം നമ്മെ നയിക്കട്ടെ.

**ടൈറ്റസ് ജോൺസൻ**

# മദർ തെരേസയുടെ ജീവിതം കേന്ദ്രമാക്കിയ ചലച്ചിത്രം'ദ മിറക്കിൾസ് ഓഫ് മദർ തെരേസ്' പ്രദർശനം നടത്തി




വത്തിക്കാൻ സിറ്റി: വിശുദ്ധ മദർ തെരേസയുടെ ജീവിതത്തെ ആസ്പദമാക്കിയെടുത്ത ഡോക്യുമെന്ററി ചിത്രം ജൂലൈ 14ാം തീയതി, അമേരിക്കയിലെ തിയേറ്ററുകളിൽ പ്രദർശനത്തിനെത്തി. സ്പെയിനിലും, ലാറ്റിനമേരിക്കൻ രാജ്യങ്ങളിലും പ്രദർശനം നടത്തി വിജയം കണ്ടെത്തിയ 'ദ മിറക്കിൾസ് ഓഫ് മദർ തെരേസ: ഡോൺ ഇൻ കൽക്കട്ട' എന്ന ചിത്രം സംവിധാനം ചെയ്തിരിക്കുന്നത് ജോസ് മരിയ സവാളയാണ്. വിശുദ്ധ പാദ്രെ പിയോ, വിശുദ്ധ ജോൺ പോൾ രണ്ടാമൻ എന്നീ വിശുദ്ധരുടെ ജീവിതങ്ങളെ ആസ്പദമാക്കിയെടുത്ത ചിത്രങ്ങളുടെ അണിയറയിൽ പ്രവർത്തിച്ചിട്ടുള്ള വ്യക്തിയാണ് ജോസ് മരിയ സവാള.

മിഷ്ണറീസ് ഓഫ് ചാരിറ്റി സന്യാസിനി സമൂഹത്തിന്റെ സ്ഥാപകയായ മദർ തെരേസയെ സംബന്ധിച്ചും, മദർ തെരേസ ദരിദ്രരുടെ ഇടയിൽ നടത്തിയ പ്രവർത്തനങ്ങളെ പറ്റിയും നേരിട്ട് അറിയാവുന്ന ആളുകളിൽ നിന്ന് വിവരങ്ങൾ ശേഖരിച്ചാണ് ഡോക്യുമെന്ററി നിർമ്മിച്ചിരിക്കുന്നത്.

ആളുകളുടെ ജീവിതങ്ങളിൽ മാറ്റങ്ങൾ ഉണ്ടാക്കാനും, മാനസാന്തരങ്ങൾ സാധ്യമാക്കാനും മദർ തെരേസക്ക് കൽക്കത്തയിൽ ഉണ്ടായിരുന്ന സ്വാധീനവും ചിത്രത്തിൽ അവതരിപ്പിക്കുന്നുണ്ട്. മിഷ്ണറീസ് ഓഫ് ചാരിറ്റി സന്യാസിനി സമൂഹത്തെയും, മദർ തെരേസയെയും പോലെ വലിയ കാര്യങ്ങൾ ചെയ്യാൻ ദൈവത്തിന്റെ കൈകളിൽ നാം നമ്മളെ തന്നെ സമർപ്പിക്കുമ്പോൾ എങ്ങനെ സാധ്യമാകുമെന്നുള്ള സന്ദേശം ചിത്രം നൽകുന്നുണ്ടെന്ന് അണിയറ പ്രവർത്തകൻ ഗാബി ജാക്കോബ പറഞ്ഞു പറഞ്ഞു.

# ജെയ്സ് പാണ്ടനാടിനെ ആദരിച്ചു



അറ്റ്ലാന്റ: നോർത്ത് അമേരിക്കൻ ചർച്ച് ഓഫ് ഗോഡ് റൈറ്റേഴ്സ് ഫെല്ലോഷിപ്പ് സംഘടിപ്പിച്ച സെമിനാറിൽ വച്ച് പ്രഭാഷകനും സോഷ്യൽ ആക്ടിവിസ്റ്റുമായ പാസ്റ്റർ ജെയ്സ് പാണ്ടനാടിനെ ആദരിച്ചു. ക്രൈസ്തവ ന്യായശാസ്ത്രവാദ രംഗത്തും ക്രൈസ്തവ ന്യൂനപക്ഷ ക്ഷേമത്തിന് വേണ്ടിയുള്ള ഇടപെടലിനും സാമൂഹിക മനുഷ്യാവകാശ രംഗത്തും നടത്തുന്ന പ്രവർത്തനങ്ങളെയും മാനിച്ചാണ് ആദരവ് നൽകിയത്. അറ്റ്ലാന്റയിൽ വച്ച് നടന്ന ചടങ്ങിൽ ഫെല്ലോഷിപ്പ് പ്രസിഡന്റ് പാസ്റ്റർ മാത്യൂ കെ ഫിലിപ്പ് മെമന്റോ കൈമാറി. വൈസ് പ്രസിഡന്റ് റോയി മേപ്രാൽ, സെക്രട്ടറി പാസ്റ്റർ എബി മാമ്മൻ, ജോയിന്റ് സെക്രട്ടറി പാസ്റ്റർ ബിജു ജോർജ്, ട്രഷറാർ സൂസൻ ബി ജോൺ, പബ്ലീഷർ പാസ്റ്റർ പി പി കുര്യൻ , സണ്ണി താഴാംപള്ളം, ഡോ.ജോളി താഴാംപള്ളം, ഹല്ലേലുയ്യ പത്രം ചീഫ് എഡിറ്റർ സാംകുട്ടി ചാക്കോ, ക്രൈസ്തവ ചിന്ത ചീഫ് എഡിറ്റർ കെ എൻ റസ്സൽ, പാസ്റ്റർ ബെഞ്ചമിൻ തോമസ് എന്നിവർ പങ്കെടുത്തു. സുഭാഷിതം പത്രം ചീഫ് എഡിറ്റർ പാസ്റ്റർ സി പി മോനായി ആശംസ അറിയിച്ചു.

# NICOG സണ്ടേസ്ക്കൂൾ തലന്ത് പരിശോധനഒക്ടോബർ 2

ചിങ്ങവനം: ദൈവഹിതമായൽ ന്യൂ ഇന്ത്യ ദൈവസഭ സണ്ടേസ്ക്കൂൾ ബോർഡിന്റെ നേതൃത്വത്തിൽ ഒക്ടോബർ രണ്ടാം തീയതി രാവിലെ 8 മണിക്ക് ചിങ്ങവനത്ത് വച്ച് സണ്ടേസ്ക്കൂൾ സംസ്ഥാന താലന്ത് പരിശോധന നടക്കുകയാണ്, അതിന്റെ , സെപ്റ്റംബർ 15 തീയതിക്ക് മുമ്പായി സെന്ററുകളിൽ ഉത്തരവാദിത്വപ്പെട്ടവർ സെന്ററിന്റെ നേതൃത്വത്തിൽ സെന്റർ തലത്തിൽ താലന്തു പരിശോധന നടത്തും ഒന്നും രണ്ടും സ്ഥാനവും* കരസ്ഥമാക്കുന്നവരെ സംസ്ഥാനതലത്തിൽ നടക്കുന്ന താലന്തു പരിശോധനയിൽ പങ്കെടുപ്പിച്ച് വിജയികളെ പ്രഖ്യാപിക്കും ലിസ്റ്റ് അയ്ക്കുന്ന അവസാന തീയതി സെപ്റ്റംബർ 15.

# അലാസ്കയിൽ ശക്തമായ ഭൂചലനം; സുനാമി മുന്നറിയിപ്പ്

## അതിശക്തമായ ഭൂചലനമാണ് ഉണ്ടായതെങ്കിലും ആളപായമോ നാശനഷ്ടങ്ങളോ റിപ്പോർട്ട് ചെയ്തിട്ടില്ല

അമേരിക്കയിലെ അലാസ്കയിലെ ഉപദ്വീപ് മേഖലയിൽ ശക്തമായ ഭൂചലനം. റിക്ടർ സ്കെയിലിൽ 7 .4 തീവ്രത രേഖപ്പെടുത്തിയ ഭൂചലനമാണ് റിപ്പോർട് ചെയ്തത്. ഭൂകമ്പത്തെത്തുടർന്ന് മേഖലയിൽ സുനാമി മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. സാൻഡ് പോയിന്റ് നഗരത്തിന്റെ ഏതാണ്ട് 89 കിലോമീറ്റർ തെക്ക്പടിഞ്ഞാറായാണ് ഭൂകമ്പത്തിന്റെ പ്രഭവ കേന്ദ്രം. ഉപരിതലത്തിൽ നിന്ന് 9.3 കിലോമീറ്റർ ആഴത്തിലാണ് ഭൂചലനമുണ്ടായത്. ഇന്ത്യൻ സമയം ഉച്ചയ്ക്ക് 12.15 ഓടെയാണ് ഭൂചലനം ഉണ്ടായത്. അലസ്കാൻ ഉപദ്വീപിലും അല്യൂഷ്യൻ ദ്വീപുകളിലും സമീപ പ്രദേശങ്ങളിലും ചലനം അനുഭവപ്പെട്ടു. അതിശക്തമായ ഭൂചലനമാണ് ഉണ്ടായതെങ്കിലും ആളപായമോ നാശനഷ്ടങ്ങളോ റിപ്പോർട്ട് ചെയ്തിട്ടില്ല.

EDITORIAL BOARD

***Chief Editor:***
Blessin John Malayil
**Managing Editor**
Aji George
**Publisher**
Nelson George

**Editors:**
Pr Sajo Thonikkuzhiyil
Pr. Titus Johnson
Pr. Sam Elambal
Joji Iype Mathews
Pr. Shibu Thomas , Oklahoma .
Pr. Blesson Cherian , Canada.
Rojin Pynummoodu
Duglus Joseph
Sis.Jessy Koshy
Sis.Blessy Rufus

+91 9188522220 +91 9846552220 Email: cnl7news@gmail.com

Layout: Shaji Vazhoor ... 9656571354

# വ്യക്തിനിയമങ്ങളെ ഇല്ലാതാക്കൽ മതങ്ങളെ ഇല്ലാതാക്കലാണ്; ഫാ. ജോസഫ് കളരിക്കൽ

കോഴിക്കോട്: വ്യക്തിനിയമങ്ങളെ ഇല്ലാതാക്കുകയെന്നാൽ ആ മതങ്ങളെ ഇല്ലാതാക്കുക എന്നത് തന്നെയാണ് അർത്ഥമാക്കുന്നതെന്ന് താമരശ്ശേരി രൂപത പ്രതിനിധി ഫാ. ജോസഫ് കളരിക്കൽ. വിവിധ മതവിഭാഗങ്ങളുടെ ആചാരാനുഷ്ഠാനങ്ങളെ സംരക്ഷിക്കേണ്ട കേന്ദ്ര സർക്കാരാണ് ഏക സിവിൽ കോഡിലൂടെ ഇതിനെ ഇല്ലാതാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

വ്യത്യസ്തതയുടെ സമ്പന്നതയിലേക്കുള്ള കടന്നുകയറ്റമായാണ് ക്രൈസ്തവർ ഏക സിവിൽ കോഡിനെ കാണുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

2023 ജൂൺ 14ന് ലോ കമ്മീഷൻ ഓഫ് ഇന്ത്യ ഏക സിവിൽകോഡ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് പുറത്തിറക്കിയ നോട്ടീസ് നമ്മെയാകെ ആശങ്കപ്പെടുത്തിയിരിക്കുകയാണ്.
വിവിധ മതവിഭാഗങ്ങളുടെ ആചാരാനുഷ്ഠാനങ്ങളെ സംരക്ഷിക്കേണ്ട കേന്ദ്ര സർക്കാരാണ് ഏക സിവിൽ കോഡിലൂടെ ഇതിനെ ഇല്ലാതാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഓരോ മതത്തിന്റെയും അടിസ്ഥാന തത്വങ്ങളോട് ചേർന്നുനിൽക്കുന്ന ആചാരാനുഷ്ഠാനങ്ങളുടെയും പാരമ്പര്യങ്ങളുടെയും അന്തസത്തയിൽ നിന്നും ഉരുത്തിരിയുന്നതാണ് ഓരോ മതത്തിന്റെയും വ്യക്തിനിയമം.



വ്യത്യസ്ത മതങ്ങളിലായിരിക്കുമ്പോഴും പരസ്പര ബഹുമാനത്തോടും ഐക്യത്തോടും കൂടിയായിരിക്കുക എന്നതാണ് ഇന്ത്യൻ ജനാധിപത്യത്തിന്റെ സുവർണ നിയമം. വ്യക്തിനിയമങ്ങളിലെ അപാകതകൾ പരിഹരിക്കപ്പെടണം. അതിന് എല്ലാ മതവിഭാഗങ്ങളും സഹകരിക്കേണ്ടതാണ്. വ്യക്തിനിയമങ്ങളെ നശിപ്പിക്കാതെ തന്നെ അതിലെ അപാകതകൾ നമുക്ക് പരിഹരിക്കാനാകും,' ഫാ. ജോസഫ് കളരിക്കൽ പറഞ്ഞു.
ഏക സിവിൽകോഡിനെതിരെ കോഴിക്കോട് സംഘടിപ്പിച്ച ദേശീയ സെമിനാറിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

## ക്രിസ്ത്യൻ അസോസിയേഷൻ ഓഫ് കേരള (സിഎ കെ);കാസർഗോഡ് ജില്ലാ സമ്മേളനവും, മണിപ്പൂർ ഐക്യദാർഢ്യ പ്രാർത്ഥനാ സംഗമവും

പനത്തടി:ക്രിസ്ത്യൻ അസോസിയേഷൻ ഓഫ് കേരള (സിഎ കെ) യുടെ ആഭിമുഖ്യത്തിൽ
കാസർഗോഡ് ജില്ലാ സമ്മേളനവും, മണിപ്പൂർ ഐക്യദാർഢ്യ പ്രാർത്ഥനാ സംഗമവും നാളെ രാവിലെ 10മണി മുതൽ 1 മണി വരെ പനത്തടി മാറാനാഥാ സഭാ ഹോളിൽ നടക്കുന്നു. സഭാ സംഘടന വ്യത്യാസം ഇല്ലാതെ +2 കഴിഞ്ഞ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസം ചെയ്യുവാൻ നിർദ്ധനരായവർക്ക് സാമ്പത്തിക സഹായം ചെയ്യുന്ന ഒരു സംഘടനയാണ് (സിഎ കെ). ഈ സമ്മേളനത്തിൽ (സിഎ കെ) സംസ്ഥാന വൈസ് പ്രസിഡന്റ് പാസ്റ്റർ സൈമൻ പാലായിൽ മുഖ്യ അതിഥിയായി പങ്കെടുക്കും.

# ഐപിസി പെനിയേൽ പറവൂർ സഭയുടെ ആലയ സമർപ്പണം നടന്നു





ആലപ്പുഴ: ഇന്ത്യ പെന്തെക്കോസ്ത് ദൈവസഭ ആലപ്പുഴ വെസ്റ്റ് സെന്ററിൽ നിർമാണം പൂർത്തീകരിച്ച ഐപിസി പെനിയേൽ പറവൂർ സഭയുടെ ആലയ സമർപ്പണം ഐ.പി.സി കേരള സ്റ്റേറ്റ് വൈസ് പ്രസിഡന്റ് & സെന്റർ ശുശ്രൂഷകൻ പാസ്റ്റർ എബ്രഹാം ജോർജ് നിർവഹിച്ചു. സെന്റർ അസ്സോസിയേറ്റ് മിനിസ്റ്റർ പാസ്റ്റർ എൻ. സ്റ്റീഫൻ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ സഭാ ശുശ്രൂഷകൻ പാസ്റ്റർ മാത്യു ബെഞ്ചമിൻ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു, സെന്റർ എക്സിക്യൂട്ടീവ് അംഗങ്ങളായ പാസ്റ്റർ തോമസ് ചാണ്ടി, പാസ്റ്റർ മനു വർഗീസ്, ബ്രദർ സൈമൺ തോമസ് എന്നിവരും പുത്രിക സംഘടന നേതൃത്വവും ആശംസകൾ അറിയിച്ചു.
ചരിത്ര പ്രസിദ്ധമായ പുന്നപ്രയ്ക്ക് അടുത്ത് മുൻ മുഖ്യമന്ത്രി ബഹു. വി. എസ് അച്ചുതാനന്ദന്റെ ഭവനത്തിന് സമീപമായി സ്ഥിതി ചെയ്യുന്ന ഇ സഭ 1991ൽ ആരംഭിച്ച ആലപ്പുഴ വെസ്റ്റ് സെന്ററിലെ 54 മത് പ്രവർത്തന സ്ഥലമാണ്.

## സംസ്ഥാനത്ത് ചൊവ്വാഴ്ച മുതൽ മഴ ശക്തമാകാൻ സാധ്യത



തിരുവനന്തപുരം : കേരളത്തിൽ ചൊവ്വാഴ്ച മുതൽ മഴ ശക്തമാകാൻ സാധ്യത.വടക്കൻ കേരളത്തിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ശക്തമായ മഴ ലഭിക്കുമെന്നാണ് കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെ പ്രവചനം. ചൊവ്വാഴ്ച കോഴിക്കാട്, കണ്ണൂർ, കാസർകോട് ജില്ലകളിലും ബുധനാഴ്ച മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോട് എന്നി ജില്ലകളിലും യെല്ലോ അലർട്ട് പ്രഖ്യാപിച്ചു .മത്സ്യത്തൊഴിലാളികൾക്കു ജാഗ്രത നിർദ്ദേശം നലകിയിട്ടുണ്ട് .

# ഐ.പി.സി കേരള സ്റ്റേറ്റ് സൺഡേ സ്കൂൾ അസോസിയേഷൻ ബിരുദദാന ശുശ്രുഷ നാളെ

കുമ്പനാട് : ഐ.പി.സി കേരള സ്റ്റേറ്റ് സൺഡേ സ്കൂൾ അസോസിയേഷൻ ബിരുദദാന ശുശ്രുഷ ജൂലൈ 17 തിങ്കൾ രാവിലെ 9 മണി മുതൽ 12:30 വരെ കുമ്പനാട് ഹെബ്രോൻ ചാപ്പലിൽ വെച്ച് നടക്കും.
ഐ.പി.സി കേരള സ്റ്റേറ്റ് സെക്രട്ടറി പാസ്റ്റർ ദാനിയേൽ കൊന്നനിൽക്കുന്നതിൽ ഉത്ഘാടനം ചെയ്യുന്ന യോഗത്തിൽ ഐ.പി.സി ജനറൽ വൈസ് പ്രസിഡന്റ് പാസ്റ്റർ ഫിലിപ്പ് പി തോമസ് മുഖ്യ സന്ദേശം നൽകും.പാസ്റ്റർ തോമസ് മാത്യു ചാരുവേലി(സെക്രട്ടറി), പാസ്റ്റർ തോമസ് ജോർജ്ജ് (അസോസിയേറ്റ് സെക്രട്ടറി)എന്നിവർ നേതൃത്വം നൽകും.

## വൈ പി സി എ ജനറൽ ക്യാമ്പ്

ചെങ്ങന്നൂർ :ന്യൂ ഇന്ത്യ ചർച്ച് ഓഫ് ഗോഡ് യുവജന വിഭാഗമായ വൈ പി സി എ യുടെ ജനറൽ ക്യാമ്പ് 2023 ആഗസ്ത് 28 മുതൽ 30 വരെ ചെങ്ങന്നൂർ പ്രൊവിഡൻസ് എഞ്ചിനീയറിംഗ് കോളേജിൽ വെച്ച് നടത്തപ്പെടും . ന്യൂ ഇന്ത്യ ചർച്ച് ഓഫ് ഗോഡ് പ്രസിഡന്റ് പാസ്റ്റർ ആർ എബ്രഹാം , ന്യൂ ഇന്ത്യ ചർച്ച് ഓഫ് ഗോഡ് ജനറൽ സെക്രട്ടറി പാസ്റ്റർ ബിജു തമ്പി, മനോജ് എബ്രഹാം ഐ പി എസ്, ഡോ. നിഖിൽ ഗ്ലാഡ്സൺ, ഡോ. സുമ, പാസ്റ്റർ സുജിത് എം സുനിൽ, ബ്രദർ. അനിൽ കുമാർ അയ്യപ്പൻ എന്നിവർ വിവിധ സെഷനുകളിൽ ശുശ്രൂഷിക്കും. വൈ പി സി എ ക്വയർ ടീം ആരാധനയ്ക്ക് നേതൃത്വം നൽകും. ന്യൂ ഇന്ത്യ ദൈവ സഭയിലെ അനുഗ്രഹീതരായ ദൈവദാസന്മാർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകും .
കൂടുതൽ വിവരങ്ങൾക്ക് : 8592019018

# ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ നോർത്ത് മലബാർ സോൺ സംയുക്ത സംഗമം

മാനന്തവാടി: ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ നോർത്ത് മലബാർ സോണും പ്രയർ സെൽ ഡിപ്പാർട്ട്മെന്റും സംയുക്തമായി നടത്തുന്ന ശുശ്രൂഷക പ്രാർത്ഥന സംഗമം ജൂലൈ 20 ന് കണ്ണൂർ പരിയാരം മൗണ്ട് പാരാൻ ബൈബിൾ സെമിനാരിയിൽ നടത്തപ്പെടും. സോൺ ഡയറക്ടർ അധ്യക്ഷത വഹിക്കുന്ന യോഗത്തിൽ സ്റ്റേറ്റ് പ്രയർസെൽ ഡിപ്പാർട്ട്മെൻറ് ഭാരവാഹികൾ വിവിധ സെഷനുകളിൽ ശുശ്രൂഷിക്കും. സോൺ ഡയറക്ടർ പാസ്റ്റർ ബിനു പി ജോർജ് കോഴിക്കോട് , പ്രയർ സെൽ കോർഡിനേറ്റർ പാസ്റ്റർ ജെയ്സൺ തോമസ് കാസർഗോഡ്, തുടങ്ങിയവർ നേതൃത്വം നൽകും. ചർച്ച് ഓഫ് ഗോഡ് നോർത്ത് മലബാർ സോണിൽപെട്ട കോഴിക്കോട്, വയനാട്,കണ്ണൂർ ,ഇരിട്ടി, കാസർഗോഡ് സെന്ററുകളിൽ ശുശ്രൂഷകന്മാർ പങ്കെടുക്കും.



# ത്രേസ്യാമ്മ ഫ്രം ഊസ്

ഷിജു മാത്യു,
ഇഞ്ചത്തുണ്ടിയിൽ

പ്രിയപ്പെട്ട സഹോദരങ്ങളെ,
ഞാൻ ത്രേസ്യാമ്മ. പേര് പറഞ്ഞാൽ അറിയാൻ മാത്രം അത്ര വലിയ ആളൊന്നുമല്ല. പലരുടെ എങ്കിലും വെറുക്കപെട്ടവരുടെ ലിസ്റ്റിൽ ആണല്ലോ എന്റെ പേരുള്ളത്.

ഞാൻ മിസ്സിസ് ജോബ്, അതായത് നിങ്ങളുടെ ഇയ്യോബിന്റെ ഭാര്യ.

നിങ്ങളെങ്കിലും എന്റെ സങ്കടം ഒന്ന് കേൾക്കും എന്ന് കരുതിയാണ് ഞാനിതു എഴുതുന്നത്;

ഒരു കാലത്തു ഞാൻ വാരിക്കോരി കൊടുത്തവർ തന്നെ ആണല്ലോ എനിക്കെതിരെ അപവാദം പറഞ്ഞതെന്നോർക്കുമ്പോൾ ഒരു സങ്കടം.

മഹാറാണിയെപോലെ ജീവിച്ച ഞാൻ ഒരു സുപ്രഭാതത്തിൽ ഒന്നുമില്ലാത്തവൾ ആയി. ഇയ്യോബിന്റെ ഭാര്യ ആയ ഞാനെത്ര ഭാഗ്യവതി ആണ് എന്നു എന്റെ ദാസിമാർ പോലും ഒളിച്ചു പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്.

എത്രയോ പേരെ കയ്യയച് സഹായിച്ച ഞാൻ, എന്റെ കഷ്ടതയിൽ അവരൊക്കെ മുഖം മറച്ചു പോകുന്നത് വേദനയോട് കണ്ടിട്ടുണ്ട്.

പട്ടണത്തിലെ പ്രമാണികൾ പോലും വളരെ ബഹുമാനത്തോടെയും അസൂയയോടും എന്നെ നോക്കിക്കാണുന്ന അവസ്ഥയിൽ നിന്ന് , ഞാൻ സഹായം ചോദിക്കുമെന്ന പേടിയിൽ പുശ്ചത്തോട് എന്നെ നോക്കുമായിരുന്നു.

നിങ്ങൾക്കറിയാമല്ലോ ഒറ്റ രാത്രിയിൽ10 മക്കളുടെ ജീവനറ്റ ശരീരം ഏറ്റു വാങ്ങേണ്ടി വന്ന ഒരു ഹതഭാഗ്യ അമ്മയാണ് ഞാൻ.

പെറ്റ വയറിന്റെ വേദന എന്തെന്ന് വായിക്കുന്ന നിങ്ങളിൽ ചിലർക്കെങ്കിലും മനസിലാകില്ലേ?

രോഗാവസ്ഥ മാറ്റി നിർത്തിയാൽ അങ്ങേരെ പോലെ തന്നെ എല്ലാ വേദനയും അനുഭവിച്ചവൾ അല്ലെ ഞാൻ?

എന്നിട്ടും എന്റെ വേദന കടിച്ചമർത്തി ഞാൻ അങ്ങേർക്കു ശ്രുശൂഷ ചെയ്തില്ലേ?
അങ്ങേരെ കുളിപ്പിക്കണം, കഴിപ്പിക്കണം, മുറിവ് കെട്ടണം, അങ്ങനെ നാലു പേരുടെ ജോലി ഞാൻ ഒറ്റയ്ക്കു ചെയ്തു.

എത്രയോ ജോലിക്കാർ ഉണ്ടായിരുന്ന ഞാൻ ഇതെല്ലം മനസോടെ തന്നെ ചെയ്യുവല്ലായിരുന്നോ?

ഇതിനിടയ്ക്ക് അദ്ദേഹത്തിന്റെ മൂന്ന് സുഹൃത്തുക്കൾ വലിയ കാര്യത്തിൽ കാണാൻ വന്നു. ഇനി എനിക്കൊരു സഹായം ആകുമല്ലോ എന്നു ആശ്വസിച്ചു ഇരിക്കുമ്പോൾ ദാണ്ടെ അവർ ഏഴു ദിവസം മുഖത്തോടു മുഖം നോക്കി ഉരിയാടാതെ ഇരിക്കുന്നു.

ഇത്രയും നിരാശ ഘട്ടത്തിൽ കൂടെ പോയ എന്റെ വായിന്നു അറിയാതെ വീണ ഒരു വാക്കിന്റെ പേരിൽ ഞാൻ കേട്ട പഴികൾക്ക് കയ്യും കണക്കും ഇല്ലാ.

പിന്നീട് കഷ്ടത കഴിഞ്ഞു ദൈവം അനുഗ്രഹിച്ചപ്പോഴും ഞങ്ങള്ക് ഉണ്ടായ മക്കളെ ആ പ്രായത്തിലും പെറ്റു പോറ്റാൻ ഞാൻ പെട്ട പാട് എത്ര വലുതാണെന്ന് ഈ കുറ്റം പറയുന്ന ആരേലും ചിന്തിച്ചിട്ടുണ്ടോ?

എന്റ അങ്ങേരുടെ അത്രയും അല്ലെങ്കിലും ആ കഷ്ടതയിൽ എന്റെ പങ്കും ചെറുതല്ല എന്നു നിങ്ങളെങ്കിലും ഒന്ന് മനസ്സിലാക്കാനാണ് ഞാൻ ഇത്രയെങ്കിലും എഴുതുന്നത്

അവസാനമായി ഉപദേശിമാരോട് ഒരു അപേക്ഷ;

എന്റെ ഭർത്താവു പറഞ്ഞതും ചെയ്തതുമായ ഒരുപാട് കാര്യങ്ങൾ ആ പുസ്തകത്തിൽ ഉണ്ടല്ലോ, അതിനിടയ്ക്കൂടെ എനിക്കിട്ടു ഞോണ്ടുന്ന പരിപാടി ഇനിയെങ്കിലും ഒന്നനവസാനിപ്പിക്കണം.

ഈ പരലോകത്തെങ്കിലും ഞാനൊന്ന് മനസമാധാനത്തോടെ ജീവിച്ചോട്ടെ.

സ്നേഹത്തോടെ പിണക്കമൊന്നുമില്ലെന്ന വിശ്വാസ്ത്തോടെ കത്ത് ചുരുക്കട്ടെ

സ്വന്തം ത്രേസ്യ

NB : പിന്നെ എന്റെ ഭർത്താവിനെപ്പറ്റി എത്ര വേണേലും പ്രസംഗിച്ചോളൂ, എനിക്ക് സന്തോഷമേ ഉള്ളൂ .ഒന്നുമില്ലേലും എന്റെ കെട്ടിയോൻ ആണല്ലോ

# ബൈബിളും തോറയും കത്തിക്കാൻ സ്വീഡന്റെ അനുമതി: പ്രതിഷേധത്തിൽ നിന്നു പിന്മാറി സിറിയൻ വംശജൻ



സ്റ്റോക്ക്ഹോം: സ്വീഡിഷ് പൊലീസിന്റെ അനുമതി ലഭിച്ചിട്ടും ബൈബിളും തോറയും കത്തിച്ചുള്ള പ്രതിഷേധത്തിൽനിന്നു പിന്മാറി യുവാവ്. ഖുർആൻ കത്തിച്ച സംഭവത്തിനെതിരെ സ്റ്റോക്ക്ഹോമിലെ ഇസ്രായേൽ എംബസിക്കു മുന്നിൽ പ്രതിഷേധം സംഘടിപ്പിക്കുമെന്നായിരുന്നു നേരത്തെ പ്രഖ്യാപിച്ചിരുന്നത്. എന്നാൽ, വിവിധ മതക്കാരുടെ വിശുദ്ധ ഗ്രന്ഥങ്ങൾ ആദരിക്കണമെന്ന അവബോധം സൃഷ്ടിക്കുകയായിരുന്നു താൻ ലക്ഷ്യമിട്ടതെന്ന് സിറിയൻ വംശജനായ അഹ്മദ് എ പറഞ്ഞു.

എംബസിക്കു മുന്നിൽ തോറയും ബൈബിളും കത്തിച്ചു പ്രതിഷേധിക്കുമെന്ന് നേരത്തെ യുവാവ് പ്രഖ്യാപിച്ചിരുന്നു. ഇതിന് സ്റ്റോക്ക്ഹോം പൊലീസിന്റെ അനുമതിയിലും ലഭിച്ചു. ഇതോടെ, ഇസ്രായേൽ പ്രസിഡന്റ് ഇസാക്ക് ഹെർസോഗ്, വിവിധ ജൂതസംഘടനകൾ ഉൾപ്പെടെ നീക്കത്തിനെതിരെ പ്രതിഷേധവുമായി രംഗത്തെത്തി. എന്നാൽ, അനുമതി ലഭിച്ച ദിവസം ഖുർആനുമായി സ്ഥലത്തെത്തിയ യുവാവ് ആരുടെയും വിശുദ്ധ ഗ്രന്ഥങ്ങൾ കത്തിക്കുന്നില്ലെന്നും അത്തരമൊരു ആലോചനയുണ്ടായിരുന്നില്ലെന്നും വ്യക്തമാക്കി. ഖുർആൻ കത്തിച്ചവരോടുള്ള പ്രതികരണമാണിത്. അവരുടെ നടപടിയെ പരസ്യമായി തള്ളിപ്പറയുകയായിരുന്നു ലക്ഷ്യം. ആവിഷ്ക്കാര സ്വാതന്ത്ര്യത്തിനും ചില പരിധികളുണ്ടെന്ന് കാണിക്കുകയായിരുന്നു ഇതിലൂടെ. നമ്മൾ പരസ്പരം ആദരിക്കുകയും ബഹുമാനിക്കുകയും വേണമെന്ന് ജനങ്ങളെ കാണിക്കുകയായിരുന്നു ലക്ഷ്യം. ഒരേ സമൂഹത്തിലാണ് നമ്മൾ ജീവിക്കുന്നത്. ഒരാൾ തോറയും മറ്റൊരാൾ ബൈബിളും വേറെയൊരാൾ ഖുർആനുമെല്ലാം കത്തിക്കാൻ നിന്നാൽ, ഇവിടെ യുദ്ധമായിരിക്കും നടക്കാൻ പോകുന്നത്. ഈ ചെയ്യുന്നത് ശരിയല്ലെന്ന് തെളിയിക്കുകയായിരുന്നു പദ്ധതിയിട്ടിരുന്നതെന്നും യുവാവ് വ്യക്തമാക്കി.

## നിത്യതയിൽ



റാന്നി : ചെറുകുളഞ്ഞി പരുത്തിയിൽ പരേതനായ കുര്യാക്കോസിന്റെ ഭാര്യ ചിന്നമ്മ കുര്യാക്കോസ് (94) കർത്താവിൽ നിദ്രാ പ്രാപിച്ചു ,കൂടത്തിൽ കുടുംബഗമാണ്. ന്യൂ ഇന്ത്യ ചർച്ച് ഓഫ് ഗോഡ് പ്രാരംഭകാല വിശ്വാസിയും , റാന്നി അഞ്ചാനി സഭാഗവും ആണ് ,സംസ്കാരം തിങ്കൾ രാവിലെ ഭവനത്തിലെ ശുശ്രുഷകൾക്ക് ശേഷം 12 മണിക്ക് ജണ്ടായിക്കൽ സെമിത്തെരിയിൽ നടത്തപ്പെടുന്നതാണ്
മക്കൾ : ലീലാമ്മ, മേരിക്കുട്ടി, കുഞ്ഞുഞ്ഞമ്മ, ആലിസ്, ബേബിക്കുട്ടി, ജെസ്സി. പരേതനായ പാസ്റ്റർ ജയിംസ് കുരിയാക്കോസ്
മരുമക്കൾ : പരേതനായ സ്കറിയ, തോമാച്ചൻ,പാസ്റ്റർ ഉമ്മൻ , (ഫിലദൽഫിയ), തോമസ്, പാസ്റ്റർ ജേക്കബ് ( ചർച്ച് ഓഫ് ഗോഡ്) മാത്യുകുട്ടി, ജിനി.


## ക്രിസ്ത്യൻ മാട്രിമോണി

Born & raised in Qatar, Pentecostal youth (28/5'5), only son, works as a Chemical Engineer (Schlumberger), invites proposals from parents of spiritual and God fearing girls.“. Preference will be given to those those from medical field. Phone :97455327348. (WhatsApp) Email: jaj3292000@yahoo.co.in

### വധുവിനെ ആവശ്യമുണ്ട്

Remarriage,Born Again Syrian Christian
Boy,31 yr/172 cm,BE.Mech,Pathanamthitta 9946847617

ക്രിസ്ത്യൻ പെന്തക്കോസ്ത് യുവാവ് Age-41, Height-179 (B. A Sociology, Bth, Dip Mission., B A. in Minitsry) ജോലിയോടൊപ്പം ജീവകാരുണ്യ പ്രവർത്തനവും സുവിശേഷ പ്രവർത്തനവും നടത്തുന്നു. സ്വദേശത്തോ വിദേശത്തോ ജോലിയുള്ളതും ഇല്ലാത്തതുമായ അനുയോജ്യമായ പെൺകുട്ടികളിൽ നിന്നും വിവാഹലോചനകൾ ക്ഷണിക്കുന്നു. ബാധ്യത ഇല്ലാത്ത പുനർ വിവാവഹവും പരിഗണിക്കും. **ഫോൺ: 9847683343.**

CNL7 MEDIA
# CHRISTIANLIVE DAILY
Vol. 2 Issue 164
16 Sunday
Pages 5
533

# Wings of HOPE

AN ENGLISH DIGITAL WEEKLY FROM CHRISTIAN LIVE FAMILY

*An english digital weekly*
*From Christian Live Family*

